# അമലഭാരതം പദ്ധതി തുടങ്ങി

കൊല്ലം : ഇന്ത്യയൊട്ടാകെ മാലിന്യ വിമുക്തമാക്കാൻ മാതാ അമൃതാനന്ദമയി മഠത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന അമലഭാരതം ശുചീകരണ പദ്ധതി തുടങ്ങി. കേരളപ്പിറവിയോടനുബന്ധിച്ചാണ് പദ്ധതിയുടെ ഔദ്യോഗിക തുടക്കം. കൊല്ലം ജില്ലയിൽ അമൃത വിശ്വവിദ്യാപീഠം ക്യാമ്പസിലെ വിദ്യാർത്ഥികൾ

നേരത്തെ തന്നെ ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. മാതാ അമൃതാനന്ദമയി ദേവിയുടെ സന്ദേശങ്ങൾ ഉൾക്കൊണ്ടാണ് വിദ്യാർത്ഥികൾ പരിസര ശുചീകരണത്തിന് കൂട്ടായ്മ രൂപീകരിച്ചത്. പുതു തലമുറയുടെ സേവനതല്പരത മുന്നിൽ കണ്ട് അമ്മ തന്നെ ശുചീകരണ പദ്ധതിയായ

അമല ഭാരതം പിറന്നാൾ ദിനത്തിൽ പ്രഖ്യാപിക്കുകയായിരുന്നു. ലോക രാഷ്ട്രങ്ങൾ ഇന്ത്യയിലെ ശുചിത്വമില്ലായ്മ ചർച്ച ചെയ്യുന്നത് രാജ്യത്തിന്റെ പ്രതിച്ഛായ തന്നെ കളങ്കപ്പെടുത്തുമെന്ന് അമ്മ തിരിച്ചറിഞ്ഞതോടെയാണ് അമലഭാരതം കേരളമാകെയും പിന്നാലെ രാജ്യവ്യാപകമായും നടപ്പിലാക്കാൻ തീരുമാനിച്ചത്.



അമല ഭാരതം പരിപാടിയിൽ പങ്കെടുത്ത അമൃത വിശ്വവിദ്യാപീഠം ക്യാമ്പസിലെ വിദ്യാർത്ഥികൾ

പൊതുജന പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൊല്ലം ജില്ലയിൽ ഒരു മാസത്തിനിടെ ദേശീയപാതയോരവും ഗ്രാമവഴികളും പൊതു ചന്തകളും മാലിന്യം കുന്നുകൂടിയ ഇടങ്ങളും തെരഞ്ഞെടുത്ത് ശുചീകരിച്ചു. കരുനാഗപ്പള്ളി, ഓച്ചിറ, ശാസ്താംകോട്ട തുടങ്ങിയ പ്രദേശങ്ങളിലാണ് പ്രധാനമായും ശുചീകരണം നടത്തിയത്. ഏഷ്യയിലെ ഏറ്റവും വലിയ ശുദ്ധജല തടാകങ്ങളിലൊന്നായ ശാസ്താംകോട്ട തടാക പരിസരവും ശുചീകരിച്ചു. മാതാ അമൃതാനന്ദമയി മഠത്തിലെ സന്യാസിമാർ, ബ്രഹ്മചാരികൾ, ബ്രഹ്മചാരിണികൾ, അമൃതവിശ്വവിദ്യാപീഠം ക്യാമ്പസിലെ വിദ്യാർത്ഥികൾ, അധ്യാപകർ, ജീവനക്കാർ എന്നിവർ ചേർന്നാണ് ശുചീകരണം നടത്തിയത്.

മാലിന്യങ്ങൾ തരം തിരിച്ചാണ് ശേഖരിക്കുന്നത്. അതാത് പ്രദേശങ്ങളിൽ നശിപ്പിക്കാവുന്നവ നശിപ്പിക്കുകയും റീസൈക്കിൾ ചെയ്യാവുന്നവ മാതാ അമൃതാനന്ദമയി മഠത്തിലെ റീസൈക്ലിംഗ് പ്ലാന്റിലെത്തിച്ചുമാണ് ശുചീകരണം,. ശുചിത്വപാലനത്തിന്റെ പ്രാധാന്യം പൊതു ജനങ്ങളിലെത്തിക്കാൻ വിവിധ പ്രദേശങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നുണ്ട്. ഇതിന് പുറമെ പ്രധാന സ്ഥലങ്ങളിൽ ചവറ് വീപ്പകളും സ്ഥാപിച്ചു. വിവിധ സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച മാലിന്യം സംസ്കരണ ശാലകളിലേക്കെത്തിക്കാനുമായി.

കേരളപ്പിറവിയെ സ്വാഗതം ചെയ്യാനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കഴിഞ്ഞ ദിവസം ശുചീകരണ പ്രവർത്തനം നടത്തി. എല്ലാ പ്രധാന നഗരങ്ങളും കേന്ദ്രീകരിച്ചാണ് ശുചീകരണം നടത്തിയത്. 14 ജില്ലാ കേന്ദ്രങ്ങളിലെ എഴുപതിലധികം സ്ഥലങ്ങൾ ശുചീകരിച്ചു. കൊല്ലത്ത് ദേശീയപാതയിൽ വവ്വാക്കാവ് മുതൽ ഹരിപ്പാട് വരെ 70 കിലോമീറ്റർ പ്രദേശമാണ് ഇതോടൊപ്പം ശുചീകരിച്ചത്. ഇതു കൂടാതെ എറണാകുളത്ത് അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ 1500 ലധികം വിദ്യാർത്ഥികൾ വൈറ്റില മുതൽ എയിംസ് ആശുപത്രി വരെയുള്ള 12 കിലോമീറ്റർ പ്രദേശം വൃത്തിയാക്കി. ഇവർ തന്നെ പിന്നീട് എറണാകുളം നഗരത്തിലും ശുചീകരണ പ്രവർത്തനം നടത്തി. വയനാട് ചുരം മുതൽ കല്പ്പറ്റ വരെ 22 കിലോമീറ്റർ പ്രദേശവും ശുചീകരിച്ചു. കേരളമൊട്ടാകെ രാവിലെ മുതൽ വൈകിട്ട് വരെ ഒരു ലക്ഷത്തോളം അമലഭാരതം സന്നദ്ധ സേവകരാണ് ശുചീകരണ പരിപാടിയിൽ പങ്കെടുത്തത്. ആയിരം ടണ്ണിലധികം മാലിന്യമാണ് ഒരു ദിവസം മാത്രമെടുത്ത് നീക്കം ചെയ്തത്.

സംസ്ഥാന വ്യാപകമായി പരിസര ശുചിത്വം സംബന്ധിച്ച പ്രത്യേക ബോധവത്കരണ പരിപാടികൾ അമലഭാരതത്തിന്റെ ഭാഗമായി നടപ്പിലാക്കും. ഓരോ മാസവും ഒരു പ്രത്യേക ദിവസം നിശ്ചിത സമയത്ത് എല്ലാവരും പരിസര ശുചീകരണം നടത്തണമെന്ന സന്ദേശമാകും ഇതു വഴി നൽകുക.

കേരളപ്പിറവി ദിനത്തിൽ സംസ്ഥാനത്തെ എല്ലാ അമൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യാപകരും വിദ്യാർത്ഥികളും അമലഭാരതം പദ്ധതി വിജയിപ്പിക്കാൻ കൂട്ടായി യത്നിക്കുമെന്ന് പ്രതിജ്ഞയെടുക്കും. മാതാ അമൃതാനന്ദമയി മഠത്തിലെ മുതിർന്ന സന്യാസി സ്വാമി ജ്ഞാനാമൃതാനന്ദപുരിയുടെ നേതൃത്വത്തിൽ ബ്രഹ്മചാരികളായ തപസ്യാമൃത ചൈതന്യ, അഭേദാമൃത ചൈതന്യ എന്നിവരുടെ ഏകോപനത്തോടെയാണ് അമലഭാരതം പദ്ധതി നടപ്പിലാക്കുന്നത്.